**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5626** **03-11-2021 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ | | **Shri M. V. Govindan Master**<br>**(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | തിരുവനന്തപുരം കോർപ്പറേഷൻ ഓഫീസിന് എവിടെയെല്ലാം സോണൽ ഓഫീസുകൾ ഉണ്ടെന്ന് അറിയിക്കുമോ; | (എ) | തിരുവനന്തപുരം കോർപ്പറേഷന്റെ സോണൽ ഓഫീസുകളുടെ പേരുകൾ ചുവടെ ചേർക്കുന്നു, 1. കടകംപള്ളി 2 തിരുവല്ലം 3. കഴക്കൂട്ടം 4. കുടപ്പനക്കുന്ന് 5. ഫോർട്ട് 6. വിഴിഞ്ഞം 7. ഉള്ളൂർ 8. നേമം 9. വട്ടിയൂർക്കാവ് 10. ശ്രീകാര്യം, 11. ആറ്റിപ്ര |
| (ബി) | ഈ ഓഫീസുകളിലായി ആകെ എത്ര ജീവനക്കാർ ഉണ്ടെന്ന് അറിയിക്കുമോ; | (ബി) | തിരുവനന്തപുരം നഗരസഭയുടെ എല്ലാ സോണൽ ഓഫീസുകളിലുമായി 271 ജീവനക്കാർ ഉണ്ട് |
| (സി) | ഈ ഓഫീസുകളിലെല്ലാം ഓഡിറ്റ് പരിശോധന നടത്താറുണ്ടോയെന്നും എവിടെയെല്ലാമാണ് നികുതി പിരിവിലും കണക്ക് സൂക്ഷിപ്പിലും ക്രമക്കേടുകൾ കണ്ടെത്തിയിട്ടുള്ളത് എന്നും വെളിപ്പെടുത്തുമോ; | (സി) | കാലങ്ങളായി നഗരസഭയുടെ കൺകറന്റ് ഓഡിറ്റായ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഓഡിറ്റ് നടത്തി വരുന്നു. 2018-19 വരെയുള്ള ഓഡിറ്റ് റിപ്പോർട്ട് മാത്രമാണ് നിലവിൽ ലഭ്യമായിട്ടുള്ളത്. നിലവിൽ നേമം, ആറ്റിപ്ര, ശ്രീകാര്യം സോണൽ ഓഫീസുകളിലാണ് ക്രമക്കേട് കണ്ടെത്തിയിട്ടുള്ളത്. |
| (ഡി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാമ്പത്തിക സുതാര്യത ഉറപ്പ് വരുത്താൻ സർക്കാർ തലത്തിൽ സ്വീകരിച്ച് വരുന്ന നടപടികൾ വിശദമാക്കുമോ; | (ഡി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാമ്പത്തിക സുതാര്യത ഉറപ്പ് വരുത്തുന്നതിനായി വിവിധ തരത്തിലുള്ള ഓഡിറ്റ് സംവിധാനവും പരിശോധനാ സംവിധാനവും നിലവിലുണ്ട്. കൂടാതെ ഓംബുഡ്സ് മാൻ, ട്രൈബ്യൂണൽ സംവിധാനവും പ്രവർത്തിക്കുന്നു. കൂടാതെ തദ്ദേശസ്ഥാപനങ്ങളിലെ സ്റ്റാൻഡിംഗ് കമ്മറ്റികളും ഭരണസമിതികളും ഇക്കാര്യത്തിൽ ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. |
| (ഇ) | പ്ലാസ്റ്റിക് മാലിന്യ നിർമാർജനത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ; ഇതിനായി വീടുകളിൽ നിന്നും പണപ്പിരിവ് നടത്തുന്നതിന് ആലോചനയുണ്ടോ; വിശദാംശം നൽകുമോ; | (ഇ) | തദ്ദേശ സ്ഥാപനങ്ങളുടെ കീഴിൽ രൂപീകരിച്ചിട്ടുള്ള ഹരിത കർമ്മ സേനകൾ വഴി അജൈവമാലിന്യം ശേഖരിച്ച് തദ്ദേശ സ്ഥാപനതലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള MCF(മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി) കളിൽ സംഭരിക്കുകയും അവിടെ നിന്നും RRF(റിസോഴ്സ് റിക്കവറി ഫെസിലിറ്റി) കളിൽ എത്തിക്കുകയും, ആയത് പുനഃചംക്രമണത്തിനായി |

| | | | |
|---|---|---|---|
| | | | തദ്ദേശ സ്ഥാപനം ക്ലീൻ കേരള കമ്പനി/സ്ക്രാപ്പ് വ്യാപാരികൾക്കും കൈമാറിവരുന്നു. ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി വിവിധ പദ്ധതികൾ മുഖേന ജൈവ കംമ്പോസ്റ്റിംഗ് ഉപകരണങ്ങൾ സബ്സിഡിയോടുകൂടി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നു. മാർക്കറ്റുകളിൽ തദ്ദേശസ്ഥാപനം സാമൂഹ്യ കംമ്പോസ്റ്റിംഗ് യൂണിറ്റ് നിർബന്ധമാക്കിയിട്ടുണ്ട്. ഹരിത കർമ്മ സേനകൾ വഴി പാഴ്വസ്തുക്കൾ ശേഖരിച്ച് മാലിന്യം സംസ്കരിക്കുന്നതിനു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിശ്ചയിച്ചിരിക്കുന്ന യൂസർ-ഫീ ശേഖരിക്കുന്നതിന് 12/10/2021 തീയതിയിലെ സ.ഉ(കൈ)നം. 1972/2021/ തസ്വഭവ. പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (എഫ്) | ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തനത് ഫണ്ട് ഉപയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (എഫ്) | പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനത്തിന് ചുമതലപ്പെടുത്തിയിട്ടുള്ള ഹരിതകർമ്മ സേന ഈടാക്കുന്ന യൂസർ ഫീ സർക്കാർ ഉത്തരവുകൾക്ക് അനുസൃതമായി ഇവരുടെ വേതനാവശ്യങ്ങൾക്കായി ചെലവഴിച്ചു വരുന്നു. എന്നാൽ കോവിഡ് 19 പ്രതിസന്ധി മൂലമുണ്ടാകുന്ന ഹരിതകർമ്മസേനയുടെ വരുമാനക്കുറവ്/ വരുമാനമില്ലായ്മ നികത്തുന്നതിനായി 2021 ജൂൺ മാസം മുതൽ 4 മാസത്തേയ്ക്ക് കൂടി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്ലാൻ/തനത് ഫണ്ടിൽ നിന്നും ഹരിതകർമ്മ സേനകളുടെ പ്രവർത്തനത്തിന് വയബിലിറ്റി ഗ്യാപ്പ് ഫണ്ട് നൽകുന്നതിനു അനുമതി നൽകി 12/10/2021 തീയതിയിലെ സ.ഉ.(കൈ)നം 1972/2021/ തസ്വഭവ. പ്രകാരം ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ